I/74662/2023

## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

വിഷയം:- ആവഡ- ജീവനക്കാര്യം- ഡ്രൈവർ തസ്തികയിൽ സ്ഥലം മാറ്റം-ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA(EKM) No. 809/2023-ൽ 8/8/2023-ൽ പുറപ്പെടുവിച്ച ഇടക്കാല വിധിന്യായം- നടപ്പിലാക്കി ഉത്തരവാകുന്നു.

പരാമർശം:- 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 809/2023 ലെ 08.08.2023 ലെ ഇടക്കാല വിധിന്യായം

2. കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ എ2-7773/2019 തീയതി 11.08.2023 ലെ കത്ത്.

3. 27/6/2022-ലെ GO(Rt) No. 1547/2022/H&FWD

### ഉത്തരവ് നം.എച്ച്.റ്റി5- 11412/2023/ആവഡ 17-08-2023

കോഴിക്കോട് ജില്ലയിലേക്ക് സ്ഥലമാറ്റം ആവശ്യപ്പെട്ടു സീനിയർ ഗ്രേഡ് ഡ്രൈവർമാരായ ശ്രീശാന്ത്കുമാർ പി , ശ്രീ ജോഷികുമാർ കെ ,ശ്രീ ദിലീപ് കുമാർ കെ.പി ,ശ്രീ ജയരാജൻ പി എന്നിവർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) No. 809/ 2023 ഫയൽ ചെയ്തു. ആയതിൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഇടക്കാല വിധിയിൽ ഹർജിക്കാരെ കോഴിക്കോട് ജില്ലയിൽ വന്ന ഒഴിവിൽ ചട്ടപ്രകാരം പരിഗണിച്ചു 10 ദിവങ്ങൾക്കകം ഉത്തരവ് പുറപ്പെടുവിക്കുവാൻ രണ്ടാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ബഹു: ട്രിബുണൽ നിർദ്ദേശിച്ചിട്ടുണ്ട്.

2. കോഴക്കോട് ജില്ലയിൽ റിട്ടയർമെന്റ് വഴി 3 ഒഴിവും, ഒരു ഡ്രൈവർ വകുപ്പ് വിട്ടു മറ്റൊരു വകുപ്പിലേക്ക് പോയത് വഴി ഒരു ഒഴിവും ഉണ്ടെന്നു കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ പരാമർശം (2) കത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

I/74662/2023

3. ഹെൽത്ത് സെർവീസസിലെ ഡ്രൈവർമാരുടെ ട്രാൻസ്ഫർ സംബന്ധമായി പരാമർശം (3) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ചു നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ബുദ്ധിമുട്ടു ഉണ്ടാകാത്തവിധം തുറന്ന ഒഴിവുകളിൽ (Open vacancies) സീനിയർ ഡ്രൈവർമാരെ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മറ്റു ജില്ലകളിലേക്ക് പരിഗണിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ വന്ന 4 ഒഴിവുകളിലേക്ക് ഹർജിക്കാർക്ക് ട്രാൻസ്ഫർ നൽകാവുന്നതാണ് എന്ന് വിലയിരുത്തുന്നു.

4. മേൽ സാഹചര്യത്തിൽ ആരോഗ്യവകുപ്പിലെ ചുവടെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന സീനിയർ ഗ്രേഡ് ഡ്രൈവർമാർക്ക് കോഴിക്കോട് ജില്ലയിലേക്ക് സ്ഥലമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര്<br>തസ്തിക | നിലവിൽ ജോലിചെയ്യുന്ന സ്ഥാപനം | സ്ഥലമാറ്റം അനുവദിക്കുന്ന ജില്ല |
|---|---|---|---|
| 1 | ശ്രീ. ശ്രീശാന്ത് കുമാർ<br>സീനിയർ ഗ്രേഡ് ഡ്രൈവർ | കുടുംബാരോഗ്യകേന്ദ്രം<br>തേവർകടപ്പുറം, മലപ്പുറം | കോഴിക്കോട് |
| 2 | ശ്രീ.ജോഷികുമാർ.കെ<br>സീനിയർ ഗ്രേഡ് ഡ്രൈവർ | സാമൂഹികാരോഗ്യകേന്ദ്രം<br>അഴിക്കോട്, കണ്ണൂർ | കോഴിക്കോട് |
| 3 | ശ്രീ.ദിലീപ്.കെ.പി.<br>സീനിയർ ഗ്രേഡ് ഡ്രൈവർ | താലൂക്ക് ആശുപത്രി<br>കുററിപ്പുറം | കോഴിക്കോട് |
| 4 | ശ്രീ.ജയരാജൻ.പി<br>സീനിയർ ഗ്രേഡ് ഡ്രൈവർ | നഴ്സിംഗ് സ്കൂൾ<br>പാലക്കാട് | കോഴിക്കോട് |

5. കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസർ (ആ) മേൽപ്പറഞ്ഞ ജീവനക്കാർക്ക് ഉചിതമായ നിയമന ഉത്തരവ് നൽകേണ്ടതാണ്. ഉത്തരവ് ലഭിച്ചശേഷം മാത്രമേ ടി ജീവനക്കാർ നിലവിലെ സ്ഥാപനത്തിൽനിന്നും

I/74662/2023

വിടുതൽ ചെയ്യാൻ പാടുള്ളു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും ജോലിയിൽ പ്രവേശിക്കുന്നതിനും ഔദ്യോഗികരേഖയായി ഉപയോഗിക്കാവുന്നതാണ്.

6. ജീവനക്കാരെ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതും യഥാ സമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 17-08-2023 16:20:00

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ് : ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ് സൈറ്റ് മുഖാന്തിരം)

പകർപ്പ് : 1) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) മലപ്പുറം / കണ്ണൂർ / പാലക്കാട്/കോഴിക്കോട്

2) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

3)അഡ്വക്കേറ്റ് ജനറൽ , എറണാകുളം ( ആമുഖ കത്ത് സഹിതം)

4). ഫയൽ / കരുതൽ ഫയൽ